# പതിനാലാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.76

06.06.2018 ന് മറുപടിയ്ക്ക്.

## വന്യജീവി ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വന്യമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുന്നതും ജനങ്ങളെ ആക്രമിക്കുന്നതുമായ സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വന്യജീവികളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ് ; അവ ഫലപ്രദമാണോ എന്ന് വ്യക്തമാക്കുമോ; | (ബി) വന്യജീവികളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച ഫലപ്രദമായി നടപ്പിലാക്കി വരുന്നു.<br>1) വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതിവേലികൾ, ആനപ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.<br>2) വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.<br>3) പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br>4) സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.<br>5) പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.<br>6) വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ |

അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7) വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8) വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9) ജനവാസമേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കരങ്ങുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനും ഉള്ള നടപടികൾ.

10) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്ത-ത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(സി) കാലാവസ്ഥാവ്യതിയാനം മൂലമുള്ള ഭക്ഷ്യവസ്തുക്കളുടെ ദൗർലഭ്യം മൂലമാണ് അവ കൂട്ടത്തോടെ നാട്ടിലിറങ്ങുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വന്യജീവികൾ നാട്ടിലിറങ്ങുന്നതിന്റെ പല കാരണങ്ങളിൽ വനത്തിനകത്തെ ഭക്ഷ്യവസ്തുക്കളുടെ ദൗർലഭ്യവും ഉൾപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വന്യജീവി സംഘർഷ മേഖലകളിൽ രൂപീകരിച്ച ജാഗ്രതാസമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ജനജാഗ്രതാ സമിതികളുടെ പ്രവർത്തനം നിരന്തരം നിരീക്ഷിച്ചു വരുന്നുണ്ട്.

(ഇ) വന്യജീവികളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് നൽകുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ഇ) വർദ്ധിപ്പിച്ചിട്ടുണ്ട്. 05.04.2018-ലെ സർക്കാർ ഉത്തരവ് (കൈ)നം.17/2018/വനം പ്രകാരം വർദ്ധിപ്പിച്ച നിരക്ക് ചുവടെ ചേർക്കുന്നു.

| കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നിലവിലെ നഷ്ടപരിഹാരത്തുക (രൂപയിൽ) |
|---|---|
| 1. വന്യജീവി ആക്രമണം മൂലമുള്ള മരണം | 10 ലക്ഷം രൂപ |
| 2. വനത്തിനു പുറത്തു വച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | 2 ലക്ഷം രൂപ |
| 3. വന്യജീവി ആക്രമണം മൂലമുള്ള സ്ഥായിയായ അംഗഭംഗം | 2 ലക്ഷം രൂപ |
| 4. വന്യജീവി ആക്രമണം മൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക് | 1 ലക്ഷം രൂപ പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ പരിധിയില്ലാതെ |

| | |
|---|---|
| | ചെലവായ മുഴുവൻ തുകയും നൽകും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ). |
| 5. വന്യജീവി ആക്രമണം മൂലമുള്ള വീട്ടു നഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) |
| 6. വന്യജീവി ആക്രമണം മൂലമുള്ള വിളനാശം | നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) |

സെക്ഷൻ ഓഫീസർ.